# കൃഷി വിജ്ഞാന കേന്ദ്രം – ആലപ്പുഴ

## ICAR-KRISHI VIGYAN KENDRA - ALAPPUZHA

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം പ്രാദേശിക കേന്ദ്രം, കായംകുളം – 690 533, കേരളം

Vol. 15 (1)
വാല്യം 15 (1)

# വാർത്താപത്രിക
NEWSLETTER

JAN-MAR 2017
ജനുവരി – മാർച്ച് 2017





## കാർഷിക മേഖലയ്ക്ക് പുത്തൻ അറിവുകൾ പകർന്ന്

# കാർഷിക വിജ്ഞാന സംഗമം






കൃഷി വിജ്ഞാനകേന്ദ്രം, കാർഷിക വികസനകർഷക ക്ഷേമ വകുപ്പ്, ആത്മ – ആലപ്പുഴ, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കണിച്ചുകുളങ്ങരയിൽ ജനുവരി 14, 15 തീയതികളിൽ സംഘടിപ്പിച്ച കാർഷിക വിജ്ഞാനസംഗമവും കാർഷിക മേളയും കർഷകർക്കും കാർഷിക – അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും ഏറെ വിജ്ഞാനദായകമായി. തന്നാൽ കഴിയുന്ന കൃഷികൾ വീട്ടുവളപ്പിൽ നടത്താൻ എല്ലാവരും തയ്യാറാവുന്നതിലൂടെ അന്യം നിന്ന കാർഷിക സംസ്ക്കാരത്തെ വീണ്ടെടുക്കാനാവുമെന്ന് ബഹു. ധനകാര്യമന്ത്രി ശ്രീ. തോമസ് ഐസക് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജി. വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജനപ്രതിനിധികൾ, വിവിധ വകുപ്പുകളുടെ മേധാവികൾ, കാർഷിക – കാർഷിക അനുബന്ധ മേഖലകളിലെ സ്വയം സംരംഭകർ, കർഷകർ എന്നിവർ പങ്കെടുത്തു.

മേളയുടെ ഭാഗമായി സംഘടിപ്പിച്ച 'മൃഗസംരക്ഷണ മേഖലയിലെ നൂതനസാങ്കേതിക വിദ്യകൾ' എന്ന കാർഷിക സെമിനാർ ഡോ. എസ്. രവി നയിച്ചു. കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളായ കർഷകരുടെയും സ്വയം സംരംഭകരുടെയും അനുഭവ സാക്ഷ്യം തുടർന്നു നടന്ന ചർച്ചകൾക്ക് മിഴിവേകി.

'ആലപ്പുഴ ജില്ലയിലെ കാർഷിക മേഖലയ്ക്ക് അനുയോജ്യമായ പ്രകൃതി സൗഹാർദ്ദ കൃഷിരീതികൾ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച കർഷക – ശാസ്ത്രജ്ഞ മുഖാമുഖം കൃഷി വിജ്ഞാനകേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ നയിച്ചു. ഉയർന്ന ഉൽപ്പാദനശേഷിയുള്ള വിളയിനങ്ങൾ, മണ്ണിന്റെ ആരോഗ്യ സംരക്ഷണം, ജൈവ വളങ്ങളുടെ ഉൽപ്പാദനവും ഉപയോഗവും, സംയോജിത കീട–രോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, നാളികേരാധിഷ്ഠിത സംയോജിത കൃഷി സമ്പ്രദായങ്ങൾ എന്നീ വിഷയങ്ങളിൽ കൃഷി വിജ്ഞാന കേന്ദ്രത്തിലെ എം.എസ്. രാജീവ്, ഡോ. കെ. സജ്നാനാഥ്, ജി. ലേഖ, ഡോ. ടി. ശിവകുമാർ എന്നിവർ കർഷകരുമായി സംവദിച്ചു. തുടർന്ന് 'കാർഷിക മേഖലയിലെ മൂല്യ വർദ്ധിത ഉത്പ്പന്ന നിർമ്മാണ സാധ്യതകൾ' എന്ന വിഷയത്തിൽ ശ്രീമതി. ജിസ്സി ജോർജ്ജ് പ്രഭാഷണം നടത്തി.

ഈ ദ്വിദിനമേളയോടനുബന്ധിച്ച് ഇരുപത്തഞ്ചോളം വിവിധ ഏജൻസികൾ ഒരുക്കിയ പ്രദർശനസ്റ്റാളുകളും സ്വയം സംരംഭകരുടെ സ്റ്റാളുകളും ഉണ്ടായിരുന്നു. കാർഷിക മേഖലയിൽ അനുവർത്തിക്കാവുന്ന നൂതനവിദ്യകൾ പരിചയപ്പെടുത്തുന്ന കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ പ്രദർശനസ്റ്റാൾ മേളയിൽ പങ്കെടുത്ത ആയിരത്തോളം കർഷകർക്ക് പുത്തനുണർവ് പകർന്നു. മേളയോടനുബന്ധിച്ച് ചേർത്തല താലൂക്കിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി കാർഷിക പ്രശ്നോത്തരി മത്സരവും സംഘടിപ്പിച്ചിരുന്നു.





- കാർഷിക വിജ്ഞാന സംഗമം
- ഫീൽഡ് ദിനാചരണങ്ങൾ
- സംരംഭകത്വ വികസന പദ്ധതികൾ
- ഓണാട്ടുകര സുഗന്ധ വ്യഞ്ജന കർഷക ഉത്പാദക കമ്പനി
- വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ


കെ.വി.കെ.യുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാൻ ഈ QR CODE സ്കാൻ ചെയ്യൂ.


കെ. വി.കെ.യുമായി ബന്ധപ്പെടാൻ...

ഹെഡ്,
കൃഷി വിജ്ഞാന കേന്ദ്രം–ആലപ്പുഴ,
സി.പി.സി.ആർ.ഐ.(ആർ.എസ്.),
കായംകുളം, കൃഷ്ണപുരം പി.ഒ.–690533.
ഫോൺ/ഫാക്സ്: 0479 2449268.

Email: kvkalapuzha@gmail.com
www.kvkalappuzha.org



കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി കർഷകരുടേയും പാടശേഖര സമിതികളുടേയും സ്വയം സഹായ സംഘങ്ങളുടേയും സഹകരണത്തോടെ നടപ്പിലാക്കിയ വിവിധ സാങ്കേതിക വിദ്യാ പ്രദർശനങ്ങളുടെ അവലോകനവും ഫീൽഡ് ദിനാചരണവും സംഘടിപ്പിച്ചു.

## തരിശുഭൂമിയിൽ കൃഷിചെയ്ത ചെറുപയറും ഉഴുന്നും വിജയമായി

മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ ചെറുപയർ (CO (gg) 8 ഇനം) ഉഴുന്ന് (LBG 75 ഇനം) കൃഷികളുടെ പ്രദർശന പരിപാടികൾ കർഷകർക്ക് പയർ വർഗ്ഗ കൃഷിയുടെ സാധ്യതകൾ ബോധ്യപ്പെടാൻ സഹായിച്ചു. വിളവെടുപ്പുത്സവം ഉദ്ഘാടനം ചെയ്ത പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. എ.എസ്. ജയമോഹൻ, കൃഷി വിജ്ഞാനകേന്ദ്രം കർഷകരുമായി കൈകോർത്ത് നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളെ പ്രശംസിച്ചു. തീരദേശ മണൽ പ്രദേശത്ത് മിതമായ ചിലവോടുകൂടി ലാഭകരമായ വിളവ് ലഭിക്കാൻ ചെറുപയറും ഉഴുന്നും കൃഷി ചെയ്തത് ഉചിതമാണെന്ന് പങ്കാളികളായ കർഷകർ അഭിപ്രായപ്പെട്ടു. നാളികേര ഉത്പാദനഫെഡറേഷൻ പ്രസിഡന്റ് ശ്രീ. ആർ.ഡി. സുബ്രഹ്മണ്യന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ, ശ്രീ. എം.എസ്. രാജീവ്, കർഷകരായ വിശ്വനാഥൻ, സുജാത ബാബു എന്നിവരും സംസാരിച്ചു.



## ചീരയുടെ ഇലപ്പുള്ളി രോഗത്തിനെതിരെ ഫലപ്രദവും വിജയകരവുമായ നിയന്ത്രണ മാർഗ്ഗങ്ങൾ

മലയാളികൾക്കേറ്റവും പ്രിയങ്കരമായ ഇലക്കറിയായ ചീര കൃഷിയിലെ ഇലപ്പുള്ളി രോഗത്തെ പ്രതിരോധിക്കുന്നതിനായി മിത്രാണുക്കളെ ഉപയോഗിച്ച് ജൈവികവും പ്രകൃതി സൗഹാർദ്ദപരവുമായ കൃഷി രീതിയുടെ പ്രദർശനപരിപാടിയുടെ വിളവെടുപ്പുത്സവം മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിൽ 2017 മാർച്ച് 21 ന് സംഘടിപ്പിച്ചു. മാരാരിക്കുളം തെക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി. രമാ ശശി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കെ.വി.കെ. മേധാവി ഡോ. പി. മുരളീധരൻ പ്രകൃതി സൗഹാർദ്ദ കൃഷി രീതിയുടെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. ജി. ലേഖ, മിത്രാണുക്കളെ ഉപയോഗിച്ചുള്ള രോഗ നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച് വിവരിച്ചു. ട്രൈക്കോഡെർമ, സ്യൂഡോമോണാസ് തുടങ്ങിയ മിത്രാണുക്കളെ ഉപയോഗിച്ച് പ്രതിരോധത്തിലൂന്നിയ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക വഴി മുൻ വർഷങ്ങളേക്കാൾ മികച്ച വിളവ് ലഭിച്ചതായുള്ള പങ്കാളിത്ത കർഷകരായ രമ, വിശ്വനാഥൻ എന്നിവരുടെ സാക്ഷ്യപ്പെടുത്തൽ ചടങ്ങിൽ പങ്കെടുത്ത മറ്റ് കർഷകർക്ക് ഏറെ പ്രചോദനമായി.



## വാഴയുടെ അവശിഷ്ടങ്ങൾ ഉപയോഗിച്ചുള്ള ചിപ്പിക്കൂൺ കൃഷി

നെൽകൃഷി കുറവുള്ളതും വാഴകൃഷി വ്യാപകവുമായ പ്രദേശങ്ങളിൽ വാഴയുടെ അവശിഷ്ടങ്ങൾ മാധ്യമമാക്കി ലാഭകരമായി ചിപ്പിക്കൂൺ കൃഷി ചെയ്യുന്നതിന്റെ പ്രദർശനപരിപാടിയുടെ ഫീൽഡ് ദിനാചരണം 2017 മാർച്ച് 21 ന് ഗാന്ധിസ്മാരക ഗ്രാമസേവാ കേന്ദ്രം മാരാരിക്കുളം സബ്സെന്ററിൽ സംഘടിപ്പിച്ചു. റിട്ട. പ്രധാനഅധ്യാപകനും, ജൈവ കർഷകനുമായ ശ്രീ. പി.സി. മോഹനൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഡോ. പി. മുരളീധരൻ, ഹെഡ്, കെ.വി.കെ., ആഹാരക്രമത്തിൽ കൂൺ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും വാഴ അവശിഷ്ടങ്ങൾ വരുമാനമായി മാറ്റുന്നതിന്റെ സാധ്യതകളേക്കുറിച്ചും സംസാരിച്ചു. ശ്രീമതി. ജി. ലേഖ, ചിപ്പിക്കൂൺ കൃഷിയുടെ സാങ്കേതിക വശങ്ങൾ കർഷകർക്ക് വിവരിച്ചു. കൂൺ കർഷകരായ സീതാലക്ഷ്മി, സീത, രാധാമണിയമ്മ, ശങ്കരനാരായണ പിള്ള എന്നിവർ വൈക്കോൽ സുലഭമല്ലാത്തതിനാൽ വാഴ അവശിഷ്ടങ്ങൾ കൊണ്ട് കൂൺകൃഷി ചെയ്യുന്നത് ആരോഗ്യത്തിനും വരുമാനത്തിനുമുള്ള മാർഗ്ഗമായി ബോധ്യപ്പെട്ടെന്നുള്ള അനുഭവം പങ്കുവച്ചു.




## കുറഞ്ഞ ചെലവിൽ മണ്ണില്ലാ പുൽകൃഷി

സ്ഥലപരിമിതിയുള്ള ക്ഷീരകർഷകർക്ക് കുറഞ്ഞ ചെലവിൽ മണ്ണില്ലാപുൽകൃഷി ചെയ്യുന്നതിന്റെ സാങ്കേതിക വിദ്യയായ 'ഹൈഡ്രോ പോണിക്സിന്റെ' വ്യാപനം ലക്ഷ്യമിട്ട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ മാരാരിക്കുളം, മണ്ണഞ്ചേരി പഞ്ചായത്തുകളിലെ 5 ക്ഷീരകർഷകരുടെ പുരയിടങ്ങളിൽ കുറഞ്ഞ ചെലവിലുള്ള തീറ്റപ്പുൽ ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുകയുണ്ടായി. ഇതിലെ പങ്കാളികളായ കർഷകരുടെ അനുഭവ വിവരണം 2017 മാർച്ച് 24 ന് മാരാരിക്കുളം പൊള്ളത്തൈയിലെ ശ്രീമതി. രാധാമണിയമ്മയുടെ വസതിയിൽ നടന്നു. ശ്രീമതി. രമാ ദേവി, മാരാരിക്കുളം ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പർ, ശ്രീ. ശ്രാവണൻ, പ്രസിഡന്റ്, ക്ഷീരസഹകരണ സംഘം പൊള്ളത്തൈ, ഡോ. പി. മുരളീധരൻ, ഡോ. എസ്. രവി എന്നിവർ കൃഷിസ്ഥലം കുറഞ്ഞുവരുന്ന സാഹചര്യത്തിലും പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായും 'ഹൈഡ്രോപ്രോണിക്സ്' സാങ്കേതികവിദ്യ അവലംബിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കർഷകരോട് വിശദീകരിച്ചു. പങ്കാളിത്ത കർഷകരായ ശ്രീ. ദിലീപ് നാമ്പഴത്ത്, ശ്രീ. ജീവൻ, ശ്രീ. വിശ്വനാഥൻ പള്ളിപ്പുറത്ത് എന്നിവർ അനുഭവം പങ്കുവയ്ക്കുകയും സർക്കാർ–ഇതര ഏജൻസികളുടെ നേതൃത്വത്തിൽ ഈ മാതൃകകൾ കർഷകരിൽ വ്യാപിപ്പിക്കേണ്ടതുണ്ടെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.



## കുട്ടനാട്ടിൽ വിജയം ആവർത്തിച്ച് കാലാവസ്ഥാനുസൃത നെൽകൃഷിരീതികൾ

വിതയന്ത്രം ഉപയോഗിച്ചുള്ള വിത്തിടൽ, മണ്ണ് പരിശോധന അടിസ്ഥാനത്തിലുള്ള ഡോളമൈറ്റ്–രാസവള പ്രയോഗം, ട്രൈക്കോകാർഡ്, സ്യൂഡോമോണസ് തുടങ്ങിയ ജൈവോപാധികൾ ഉപയോഗിച്ചുള്ള കീട–രോഗ നിയന്ത്രണം തുടങ്ങിയ സാങ്കേതിക വിദ്യകൾ അവലംബിച്ച് മുട്ടാർ പഞ്ചായത്തിൽ വിഭവ സംരക്ഷിതവും പരിസ്ഥിതി സൗഹാർദ്ദവുമായ നെൽകൃഷി പദ്ധതി കഴിഞ്ഞ 4 വർഷമായി നടപ്പിലാക്കി വരുന്നു. ഈ വർഷം കിഴക്കേ മുണ്ടുവേലിപ്പറമ്പ് പാടശേഖരത്ത് മുപ്പതോളം കർഷകരെ പങ്കെടുപ്പിച്ച് 60 ഏക്കർ ഉൾപ്പെടെ മുട്ടാർ പഞ്ചായത്തിൽ 100 ഹെക്ടർ സ്ഥലത്ത് ഈ കൃഷിരീതി അവലംബിച്ചപ്പോൾ കൃഷിച്ചെലവ് ഹെക്ടറിന് 20,000 രൂപവരെ കുറച്ചുകൊണ്ടുവരാൻ കർഷകർക്ക് സാധിച്ചു.

കിഴക്കേ മുണ്ടുവേലിപ്പറമ്പ് പാടശേഖരത്തിൽ 2017 മാർച്ച് 8ന് വിളവെടുപ്പുത്സവം ഉദ്ഘാടനം ചെയ്ത ആലപ്പുഴ ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. കെ.കെ. അശോകൻ, കേരള ഗവൺമെന്റ് നടപ്പിലാക്കുന്ന ഹരിത കേരളം പദ്ധതിയിലൂടെ ജില്ല മുഴുവൻ ഈ സാങ്കേതിക വിദ്യ വ്യാപിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് കർഷകർക്ക് ഉറപ്പ് നൽകി. മുട്ടാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഗ്രാമപഞ്ചായത്ത് അംഗങ്ങളും കൃഷിവകുപ്പ് ഉദ്യോഗസ്ഥരും കൃഷി വിജ്ഞാനകേന്ദ്രം സാങ്കേതിക വിദഗ്ദ്ധരും കർഷകരെ അഭിസംബോധന ചെയ്തു. ചടങ്ങിൽ എഴുപത്തഞ്ചോളം കർഷകർ പങ്കെടുത്തു. മുട്ടാർ പഞ്ചായത്തിന്റെ സമീപപ്രദേശങ്ങളായ എടത്വ, തകഴി, തലവടി, നീലംപേരൂർ, രാമങ്കരി എന്നീ പഞ്ചായത്തുകളിലേക്കും കർഷകരെ ഏറെ സഹായിക്കുന്ന ഈ കൃഷിരീതി വ്യാപിപ്പിക്കാൻ കൃഷി വിജ്ഞാന കേന്ദ്രം പ്രദർശന പരിപാടികൾ നടപ്പിലാക്കിയിരുന്നു.



വാർത്താപത്രിക
NEWSLETTER

3 PAGE

JAN-MAR 2017
ജനുവരി – മാർച്ച് 2017
Vol. 15 (1)
വാല്യം 15 (1)

# സംരംഭകത്വ വികസനപദ്ധതികൾ

### 2016–17 വർഷത്തെ പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ട് സംരംഭകത്വ യൂണിറ്റുകൾക്ക് തുടക്കം കുറിച്ചു.

## കരിങ്കോഴി വളർത്തൽ യൂണിറ്റ്



ആര്യാട് ഗ്രാമപഞ്ചായത്തിൽ 2015–16 ൽ നടപ്പിലാക്കിയ പ്രദർശനപരിപാടിക്കു തുടർച്ചയായി കരിങ്കോഴി വളർത്തലിൽ തത്പരരായ വനിതകളുടെ കൂട്ടായ്മയിൽ ഒരു സംരംഭക യൂണിറ്റ് രൂപീകരിക്കപ്പെട്ടു. ഇതിനായി 180 മുട്ട വിരിയിക്കാവുന്ന ഒരു ഇൻകുബേറ്ററും മുംബയിലെ സെൻട്രൽ പൗൾട്രി ഡെവലപ്മെന്റ് ഓർഗനൈസേഷനിൽ നിന്നും ലഭ്യമാക്കിയ കരിങ്കോഴി മുട്ടകളും യൂണിറ്റിന് കൈമാറി. തദവസരത്തിൽ ആര്യാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കവിത ഹരിദാസ്, വൈസ്പ്രസിഡന്റ് ശ്രീ. ബിപിൻ രാജ് എന്നിവർ പരിപാടിക്ക് ഗ്രാമപഞ്ചായത്തിന്റെ പൂർണ്ണ പിന്തുണ അറിയിച്ചു. ഡോ. പി. മുരളീധരൻ, ഡോ. എസ്. രവി എന്നിവർ കരിങ്കോഴി വളർത്തലിന്റെ സാധ്യതകളെക്കുറിച്ചും ആദായത്തെക്കുറിച്ചും കർഷകരോട് സംസാരിച്ചു. ഇരുപതോളം വനിതാ കർഷകർ പരിപാടിയിൽ പങ്കെടുത്തു.

## വാഴയിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പ്പന്ന നിർമ്മാണ യൂണിറ്റ്



കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ചിങ്ങോലി, മണ്ണഞ്ചേരി, പാലമേൽ പഞ്ചായത്തുകളിൽ കർഷക പങ്കാളിത്തത്തോടെ നടപ്പിലാക്കിയ “റോബസ്റ്റ പഴത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പ്പന്ന നിർമ്മാണം” എന്ന പ്രദർശനപരിപാടിയുടെ തുടർച്ചയായി ചിങ്ങോലിയിൽ നിർമ്മാണ യൂണിറ്റിന്റെ ഉദ്ഘാടനം 2017 മാർച്ച് 31 ന് ചിങ്ങോലി പഞ്ചായത്ത് ഹാളിൽ സംഘടിപ്പിക്കപ്പെട്ടു. പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. പി.ജി. ശാന്തകുമാർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് എൻ.എച്ച്. നിയാസ് യോഗത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സംരംഭക യൂണിറ്റിലേക്കാവശ്യമായ ഒ.ടി.ജി. ഓവൻ, ചെറുകിട സോളാർ ഡ്രയർ തുടങ്ങിയ ഉപകരണങ്ങൾ തദവസരത്തിൽ കൈമാറി.

## ഓണാട്ടുകര സുഗന്ധ വ്യഞ്ജനകർഷക ഉത്പാദക കമ്പനി പ്രവർത്തനം ആരംഭിച്ചു



കൃഷിവിജ്ഞാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഭരണിക്കാവ് ബ്ലോക്ക് കേന്ദ്രീകരിച്ച് രൂപീകരിച്ചു “ഓണാട്ടുകര സുഗന്ധ വ്യഞ്ജനകർഷക ഉത്പാദക കമ്പനി”യുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. സുഗന്ധ വ്യഞ്ജനവിളകളായ മഞ്ഞൾ, ഇഞ്ചി, കുരുമുളക്, കുടമ്പുളി തുടങ്ങിയവയുടെ നടീൽ വസ്തുക്കൾ, കൃഷി, സംഭരണം, സംസ്കരണം, വിപണനം തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങളിലൂടെ ഉത്പാദകരായ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് കമ്പനിയുടെ പ്രവർത്തനലക്ഷ്യം. മൂന്നുവർഷം കൊണ്ട് പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് സുഗന്ധ വ്യഞ്ജനവിള കർഷകരുടെ സാമ്പത്തിക ഉന്നമനമാണ് ലക്ഷ്യമിടുന്നത്. അംഗങ്ങളും ഓഹരി ഉടമകളുടമായ 184 കർഷകരുടെയും നബാർഡ്–കെ.വി.കെ. ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ കമ്പനിയുടെ പ്രഥമ ജനറൽ ബോഡി യോഗം 2017 മാർച്ച് 2 ന് മാനേജിംഗ് ഡയറക്ടർ ശ്രീമതി. രജനി ജയദേവിന്റെ അദ്ധ്യക്ഷതയിൽ നടന്നു. പതിനൊന്ന് ഡയറക്ടർ ബോർഡ് അംഗങ്ങളെ തെരഞ്ഞെടുക്കുകയും കമ്പനിയുടെ നിയമാവലി അംഗീകരിക്കുകയും ചെയ്തു. യോഗത്തിൽ ഡോ. പി. മുരളീധരൻ അടുത്ത സാമ്പത്തിക വർഷത്തെ പ്രവർത്തന പദ്ധതി അവതരിപ്പിച്ചു. ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. പി. വാസുദേവൻ, ശ്രീ. എം.എസ്. രാജീവ്, ശ്രീമതി. ജിസ്സി ജോർജ്ജ് എന്നിവർ ഓഹരി ഉടമകളെ അഭിസംബോധന ചെയ്തു.

2016–17 സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ ഓഹരി ഉടമകളായ കർഷകർക്ക് 2 ടണ്ണോളം അത്യുത്പാദനശേഷിയുള്ള പ്രതിഭ എന്ന മഞ്ഞൾ വിത്ത് കൃഷിക്കായി ലഭ്യമാക്കി. 6 ടണ്ണോളം മഞ്ഞൾ സംഭരിച്ച് കമ്പനിയുടെ ഭാഗമായ മൂല്യവർദ്ധനയൂണിറ്റിന് കൈമാറി.

# കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ആറാട്ടുപുഴയിൽ



കൃഷിവിജ്ഞാനകേന്ദ്രത്തിന്റെ 2017–18 ലെ വാർഷിക പ്രവർത്തനങ്ങൾ സൻസദ് ആദർശ് ഗ്രാമയോജനയുമായി ചേർന്ന് ആറാട്ടുപുഴ പഞ്ചായത്തിൽ നടപ്പിലാക്കുന്നതിന്റെ ആലോചനായോഗം ഫെബ്രുവരി 6–ന് കൃഷിഭവനിൽ വച്ച് ചേർന്നു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. അജിത അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രസിഡന്റ് അബ്ദുൽ റഷീദ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഷംസുദ്ദീൻ കായിപ്പുറം എന്നിവർ സംസാരിച്ചു. കാർഷിക – മൃഗസംരക്ഷണ–മത്സ്യകൃഷി മേഖലകളിൽ നൂതന സാങ്കേതിക വിദ്യകൾ കർഷകർക്ക് പകർന്നു നൽകുന്നതിന് കൃഷി വിജ്ഞാനകേന്ദ്രം പോലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഇവർ എടുത്തുപറഞ്ഞു.

മുപ്പതോളം പുരോഗമനകർഷകരും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗത്തിൽ ആറാട്ടുപുഴ പഞ്ചായത്തിലെ കാർഷിക – കാർഷിക അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്നവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെട്ടു. പ്രസ്തുത ചർച്ചകൾക്കൊടുവിൽ പ്രശ്നങ്ങളെ ഏകോപിപ്പിക്കുകയും നൂതനസാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കൃഷിവിജ്ഞാനകേന്ദ്രത്തിന്റെ ഇടപെടലുകൾ വഴി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാവുന്നതുമാണെന്ന് കൃഷി വിജ്ഞാനകേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ പറഞ്ഞു. വിഭവസംരക്ഷിതവും പരിസ്ഥിതി സൗഹാർദ്ദപരവുമായ സാങ്കേതിക വിദ്യകൾ അനുവർത്തിക്കുകവഴി കാർഷിക – കാർഷിക അനുബന്ധ മേഖലകളിലെ ഉത്പ്പാദനചിലവ് കുറക്കാനും ലാഭം വർദ്ധിപ്പിക്കുവാനും സാധിക്കുമെന്ന് ചർച്ചയിൽ പങ്കെടുത്ത കൃഷി വിജ്ഞാനകേന്ദ്രത്തിൽ നിന്നുമുള്ള ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടു. കൃഷി അസിസ്റ്റന്റ് ശ്രീ. ഗോപകുമാർ ചടങ്ങിന് നന്ദി പ്രകാശിപ്പിച്ചു.

## വില്പനയ്ക്ക്

1. ജൈവീക കാർഷിക ഉപാധികളായ നന്മ (വാഴയ്ക്കും പച്ചക്കറികൾക്കും), ഇ.എം. ലായനി (പുരയിട മാലിന്യ സംസ്ക്കരണത്തിന്), കായീച്ച കെണികൾ (മാവിനും, വെള്ളരി വർഗ്ഗ പച്ചക്കറികൾക്കും), മത്സ്യ മിശ്രിതം, സ്യൂഡോമോണാസ്, ട്രൈക്കോഡർമ.
2. സൂക്ഷ്മൂലക മിശ്രിതങ്ങളായ ബനാന സ്പെഷ്യൽ (വാഴയ്ക്ക്), വെജിറ്റബിൾ സ്പെഷ്യൽ (പച്ചക്കറികൾക്ക്).
3. നടീൽ വസ്തുക്കൾ
4. പച്ചക്കറി വിത്തുകൾ
5. കാർഷിക പ്രസിദ്ധീകരണങ്ങൾ

# വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ

### കാർഷിക മുഖാമുഖം:

കാർഷിക വികസനകർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജനുവരി 23–ന് സംഘടിപ്പിച്ച കർഷക – ഉദ്യോഗസ്ഥ – ശാസ്ത്രജ്ഞ മുഖാമുഖത്തിൽ ഡോ. പി. മുരളീധരൻ, ജി. ലേഖ എന്നിവർ പങ്കെടുത്തു.

### പ്രബന്ധാവതരണം:

തമിഴ്നാട് കാർഷിക സർവ്വകലാശാലയിൽ മാർച്ച് 7, 8 തിയ്യതികളിൽ ബംഗ്ലൂരു സോണൽ ഓഫീസ് സംഘടിപ്പിച്ച 2–ാമത് കെ.വി.കെ. സിമ്പോസിയത്തിൽ കെ.വി.കെ.യിലെ സാങ്കേതിക വിദഗ്ദരായ ജിസ്സി ജോർജ്ജ് "പച്ചക്കറികളുടെ മൂല്യവർദ്ധനവിലൂടെയുള്ള വനിതാ സ്വയം സംരംഭക സാധ്യതകൾ" എന്ന വിഷയത്തിലും, ഡോ. എസ്. രവി "ചിലവ് കുറഞ്ഞ മണ്ണില്ലാ തീറ്റപ്പുൽകൃഷിയിലൂടെ ക്ഷീരോത്പ്പാദന മേഖലയിലെ ഉത്പ്പാദനമികവ്" എന്ന വിഷയത്തിലും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ''വാഴകൃഷിയിലെ ഉത്പ്പാദനവർദ്ധനവിന് മണ്ണ പരിശോധനാധിഷ്ഠിത സംയോജിത പരിപോഷണ രീതി" എന്ന വിഷയത്തിൽ ഡോ. കെ. സജ്നാനാഥ് പോസ്റ്റർ അവതരിപ്പിച്ചു. "വിളകളുടെ മൂല്യവർദ്ധനവും വിപണനസാധ്യതകളും'' എന്ന വിഭാഗത്തിൽ ഏറ്റവും നല്ല പ്രബന്ധത്തിനുള്ള പുരസ്കാരം ശ്രീമതി. ജിസ്സി ജോർജ്ജിന് ലഭിച്ചു.

### കാർഷിക ലേഖനങ്ങൾ

1. **ജിസ്സി ജോർജ്ജ്** : ഭക്ഷ്യസംസ്കരണത്തിനു നൂതനയന്ത്രങ്ങൾ, കർഷകശ്രീ 23(1) : 90
2. **ജിസ്സി ജോർജ്ജ്** : പഴസത്തുമുതൽ വസ്ത്രം വരെ, കർഷകശ്രീ 23(2) : 89 – 90
3. **ജിസ്സി ജോർജ്ജ്** : കറുത്തപൊന്നിൽനിന്ന് എത്രയെത്ര ഉത്പ്പന്നങ്ങൾ, കർഷകശ്രീ 23(3) : 82

### ലഘുലേഖകൾ

1. മണ്ണിന്റെ ആരോഗ്യ പരിപാലനത്തിന് മണ്ണുപരിശോധന: **സജ്നാനാഥ് കെ.**
2. കറവപ്പശുക്കളുടെ കാലാവസ്ഥാനുസൃതമായ പരിചരണ മുറകൾ : **രവി. എസ്., റീമ ആനന്ദ്**

## Technical Bulletin

Resource conserving and eco friendly technology for climate resilience and higher profitability of rice production in Kuttanad region of Kerala:

Muralidharan P., Rajeev, M.S., Reema Anand, Sajnanath, K., Lekha, G & Sivakumar T.

Printed & Published by: **Dr. P. Chowdappa**, Director, CPCRI, Kasaragod; Co-ordination&Editing: **Dr. P. Muralidharan**, Principal Scientist & Head; Design, Layout & Compilation: Dr. K. Sajnanath, Arathy Balakrishnan; Technical Inputs: Rajeev M.S., Dr. S. Ravi, Lekha G., Jissy George & Dr. T. Sivakumar; Technical Assistance: Ansary K.M, Bijila P.V & Daya Mary C.; Photos: KVK Staff